# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *40 01/12/2015-ൽ മറുപടിയ്ക്ക്

## ജനനി ജന്മരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>" വി. എസ്. സുനിൽ കുമാർ<br>" ഇ. കെ. വിജയൻ | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനനി ജന്മരക്ഷാ പദ്ധതി ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ; | (എ) | 2013 ജൂൺ മാസം മുതൽ എ.പി.എൽ / ബി.പി.എൽ ഭേദഗതിയില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണി കൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസനവകുപ്പ് ജനനീ ജന്മരക്ഷ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 11/08/2013ന് അട്ടപ്പാടിയിൽ വച്ച് ഔദ്യോഗികമായി ടി പദ്ധതി ഉത്ഘാടനം ചെയ്യപ്പെട്ടു. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജനനീ ജന്മരക്ഷ. ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും, ആരോഗ്യ പരിപാലനം ഉറപ്പാക്കാൻ ഈ പദ്ധതി മൂലം സാധ്യമാകുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; അവ യഥാസമയം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് | (ബി) | ഈ പദ്ധതി പ്രകാരം ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നല്കി വരുന്നു. |

| | | | |
|---|---|---|---|
| | വെളിപ്പെടുത്തുമോ ? | | ജനനീ ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ധനസഹായം ഗുണഭോക്താവിന് ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തിരം മണിയോർഡറായാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അയച്ചിരുന്നത്. ചില പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടപ്പോൾ വകുപ്പിലെ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാർ വഴി ധനസഹായം നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ